ന്നതിനാൽ പ്രസ്തുത ഉത്തരവ് ഉൾക്കൊണ്ട് ഡിസ്പോസൽ ഫയൽ ലഭ്യമാക്കുവാൻ റിക്കാർഡ്സ് സെക്ഷനിൽ ആവശ്യപ്പെട്ടു. എന്നാൽ ഡിസ്പോസൽ ഫയൽ 79982/എസ്.2/92/പൊ.വി. നശിപ്പിക്കപ്പെട്ടതായി റിക്കാർഡ്സ് സെക്ഷൻ അറിയിച്ചിരിക്കുകയാണ്.

(ഡി) നിലവിലുള്ള ചട്ടങ്ങളനുസരിച്ച് ഇക്കാര്യം പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്.

100 (1318) കായികാധ്യാപകരുടെ നിയമനം

ശ്രീ. സി.പി. ബാലൻ വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സ്പോർട്സ് രംഗത്ത് പുതിയ കായികതാരങ്ങളെ വളർത്തിക്കൊണ്ടുവരുന്നതിൽ കായികാധ്യാപകർക്കുള്ള പങ്ക് കണക്കിലെടുത്ത് പ്രൈമറി വിദ്യാലയംതൊട്ട് കായികാധ്യാപകരെ നിയമിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കായികതാരങ്ങളെ വളർത്തിയെടുക്കേണ്ടത് വിദ്യാലയ അന്തരീക്ഷത്തിലാണ് എന്നതുകൊണ്ട് കായികാധ്യാപകരെ നിയമിക്കുന്നതിന് ഇന്നുള്ള തടസ്സം ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു;

(സി) യു.പി. സ്കൂൾതലം വരെ ഇപ്പോൾ എത്ര വിദ്യാലയങ്ങളിൽ കായികാധ്യാപകർ ഇല്ല എന്ന് വ്യക്തമാക്കുമോ;

(ഡി) അവിടങ്ങളിൽ എന്നേക്ക് കായികാധ്യാപകരെ നിയമിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അപ്പർ പ്രൈമറിതലംമുതൽ കായികാധ്യാപകരെ നിയമിക്കുവാൻ വ്യവസ്ഥ ഇപ്പോൾതന്നെ നിലവിലുണ്ട്.

(ബി) ഹൈസ്കൂളുകളിൽ അനുവദിച്ചിട്ടുള്ള തസ്തികകളിലും അപ്പർ പ്രൈമറി സ്കൂളുകളിൽ നിലവിലുള്ള തസ്തികകളിലും കായികാധ്യാപകരുടെ ഒഴിവു വന്നാൽ നിയമനം നടത്തുന്നതിന് ഇപ്പോൾ തടസ്സമില്ല.

(സി)&(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

101 (1319) സിനിമാ ഷൂട്ടിംഗിന് കോളേജ് വിട്ടുകൊടുത്ത നടപടി

ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 27.10.99, 28.10.99, 29.10.99 എന്നീ തീയതികളിൽ എറണാകുളം മഹാരാജാസ് കോളേജിൽ ക്ലാസ്സുകൾ നഷ്ടപ്പെടുത്തി സിനിമ ഷൂട്ടിംഗിന് കോളേജ് വിട്ടുകൊടുത്ത നടപടിയെക്കുറിച്ച് വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ദിവസങ്ങളിൽ ക്ലാസ്സുകൾ ഇല്ലാത്തത് സിനിമ ഷൂട്ടിംഗ് കാരണമാണെന്ന് ചില ഡിപ്പാർട്ടുമെന്റുകളിലെ ഹാജർ പുസ്തകത്തിൽ അദ്ധ്യാപകർ രേഖപ്പെടുത്തിയിട്ടുണ്ടോയെന്ന് അന്വേഷിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly